**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 27-09-2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിലെ പ്രൊ. നം. 17/19 & 18/19 എന്നീ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

================================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ). 2674/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 17-10-2018

================================================================================

പരാമർശം :- 1. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 06-08-2018-ലെ Plg 220/2018-19/DPO/DPC/തിരു/സി.സി. നമ്പർ കത്ത്

2. 27-09-2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.26-10 നമ്പർ തീരുമാനം

## ഉത്തരവ്

പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതും മാർഗ്ഗരേഖപ്രകാരം അനുവദനീയമല്ലാത്തതിനാൽ ജില്ലാതല അപ്പലേറ്റ് കമ്മിറ്റി അംഗീകാരം നൽകാത്തതുമായ പട്ടികജാതി വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശു വളർത്തൽ (പ്രൊ. നം. 17/19), വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശു വളർത്തൽ (പ്രൊ. നം. 18/19) എന്നീ പദ്ധതികൾ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി പരാമർശം (1) പ്രകാരം ലഭ്യമാക്കിയിരുന്നു. ടി പദ്ധതികളിൽ അന്യ സംസ്ഥാനത്തു നിന്ന് പശുവിനെ വാങ്ങി നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 27-09-2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പദ്ധതി പരിഗണിക്കുകയും 05-09-2018-ലെ കോഓർഡിനേഷൻ സമിതിയുടെ പൊതു തീരുമാനം (ഖണ്ഡിക നം. 3.14)-ന്റെ അടിസ്ഥാനത്തിൽ ടി പദ്ധതികൾ നടപ്പാക്കാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതും അന്യസംസ്ഥാനത്തുനിന്ന് പശുവിനെ വാങ്ങി നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതുമായ, വനിതാ പട്ടികജാതി ഗ്രൂപ്പുകൾക്ക് കറവപ്പശു വളർത്തൽ (പ്രൊ. 17/19) വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശു വളർത്തൽ (പ്രൊ. നം. 18/19) എന്നീ പദ്ധതികൾ, ഈ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള വികേന്ദ്രീകൃ താസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05-09-2018-ലെ യോഗത്തിലെ പൊതു തീരുമാനം നം. 3.14-ന്റെ അടിസ്ഥാനത്തിൽ നിർവ്വഹിക്കാൻ അനുമതി നൽകി ഉത്തര വാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**മിനിമോൾ എബ്രഹാം**
അഡീഷണൽ സെക്രട്ടറി

പകർപ്പ്

പ്രസിഡന്റ്/സെക്രട്ടറി, പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്,
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

തിന്  വീതി കുറഞ്ഞ റോഡുകൾക്കനുയോജ്യമായ  വാഹനം വാടകയ്ക്കെടുക്കണം. ആവശ്യമെങ്കിൽ ബോട്ടുകളോ വള്ളങ്ങളോ ഉപയോഗിച്ചും കുടിവെള്ള വിതരണം നടത്താം.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.10 പ്രളയമേഖലയിൽ തകർന്ന റോഡുകൾ ഉപയോഗയോഗ്യമാക്കുന്നതിന്  23.08.2018-ലെ സർക്കാർ ഉത്തരവിൽ പറഞ്ഞ പ്രകാരം  തുക കണ്ടെത്തണം. തുക തികയാതെ വന്നാൽ പുതിയ റോഡുകൾക്കുമുള്ള പ്രോജക്ട് ഒഴിവാക്കി  തുക കണ്ടെത്തണം

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.11 ഗതാഗതം പുനസ്ഥാപിക്കുന്നതിനുള്ള  നടപടിയും  കെട്ടിടങ്ങളുടെ റിപ്പയറിംഗും കഴിവതും വേഗം നടത്തേണ്ടതാണ്. കെട്ടിടത്തിന് റിപ്പയർ ചെയ്യാനാവാത്തവിധം നശിച്ച സ്ഥലങ്ങളിൽ തൽക്കാലം വാടകയ്ക്ക് കെട്ടിടമെടുത്ത്  ഓഫീസിന്റെ പ്രവർത്തനം അവിടേയ്ക്ക് മാറ്റണം. പുതിയവ നിർമ്മിക്കാനുള്ള നടപടി  പിന്നീട് ആരംഭിക്കാവുന്നതാണ്.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.12 പ്രളയക്കെടുതിയിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള  സഹായം സംബന്ധിച്ച വിവരങ്ങൾ പൊതു ജനങ്ങളിൽ എത്തിക്കാൻ  എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വിപുലമായ  പ്രചരണം നടത്തണം. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള  സഹായങ്ങൾ അർഹരായവർക്ക് എത്തുന്നതിന് ഇത് സഹായകരമാകും.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.13 കുട്ടനാട് പ്രദേശത്ത് പലയിടത്തും  കക്കൂസ് റിപ്പയറിംഗ്  ആവശ്യമുണ്ട്  എന്നു യോഗം വിലയിരുത്തി. ഇത്തരം കക്കൂസുകളുടെ റിപ്പയറിംഗ്  കുട്ടനാട് മേഖലയിലെ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്  ചെയ്യാവുന്നതാണ്. എന്നാൽ ഇപ്പോഴും വെള്ളം കയറിക്കിടക്കുന്നിടത്ത്  വെള്ളം ഇറങ്ങിയതിനുശേഷം  റിപ്പയറിംഗ് നടത്തിയാൽ മതി . കുട്ടനാട് പ്രദേശത്ത്  അനുയോജ്യമായ  കക്കൂസ് നിർമ്മിക്കുന്നതിന്റെ സാധ്യത  പരിശോധിച്ച് റിപ്പോർട്ട് നൽകാൻ  ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

കൂടാതെ വെള്ളപ്പൊക്കത്തിൽ നശിച്ചുപോയ പൊതു സ്ഥാപനങ്ങളിലെ ശൗചാലയങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പുനർനിർമ്മിക്കുകയോ അറ്റകുറ്റപ്പണി നടത്തുകയോ ചെയ്യാവുന്നതാണ്.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ

3.14 പ്രളയക്കെടുതിയുടെ  പ്രത്യേക പശ്ചാത്തലത്തിൽ പശുക്കളെ വാങ്ങി നൽകുന്ന പ്രോജക്ടുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്. ഇതിനായി ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾക്കും കന്നുകാലികളെ നൽകുന്ന പ്രോജക്ട് ഏറ്റെടുക്കാൻ ഈ വർഷത്തേയ്ക്ക് മാത്രമായി പ്രത്യേക അനുമതി നൽകുന്നു. ഗ്രാമപഞ്ചായത്തുകൾ നൽകുന്ന ഗ്രാമസഭാ ലിസ്റ്റ് പ്രകാരമായിരിക്കണം

ജില്ലാ/ ബ്ലോക്ക് പഞ്ചായത്തുകൾ ഈ പദ്ധതി നടപ്പാക്കേണ്ടത്. പ്രളയക്കെടുതിമൂലം കുറവു വന്ന സംസ്ഥാനത്തിന്റെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് കന്നുകാലികളെ സംസ്ഥാനത്തിനു പുറത്തുനിന്നു വാങ്ങേണ്ടതാണ്. സുതാര്യമായ രീതിയിൽ ഗുണമേന്മയുള്ള കന്നുകാലികളെ സംസ്ഥാനത്തിനു പുറത്തു നിന്നു വാങ്ങുന്നതിന് വെറ്ററിനറി ഡോക്ടർമാരും തദ്ദേശഭരണ സ്ഥാപനങ്ങളും അനുയോജ്യമായ പ്രത്യേക ക്രമീകരണം ഏർപ്പെടുത്തണം. ഇതിനായി വാങ്ങുന്ന ആളിന്റേയും വിൽക്കുന്ന ആളിന്റേയും ആധാർ വിവരങ്ങൾ കൈമാറാവുന്നതാണ്. എല്ലാ കന്നുകാലികൾക്കും ഇൻഷ്വറൻസ് നിർബന്ധമാണ്. കന്നുകാലികളെ നൽകിയതിനുശേഷം തുടർന്നുള്ള വർഷങ്ങളിലും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കണം. കർഷകർക്ക് കറവ പശുക്കളെ വാങ്ങുന്നത് ബാങ്കു ലോൺ വഴിയാക്കുകയും അതിനെ പരമാവധി പ്രോത്സാഹിപ്പിക്കുകയും വേണം. ഇങ്ങനെ വാങ്ങുന്ന ലോണിന്റെ പലിശ തദ്ദേശഭരണ സ്ഥാപനങ്ങൾ പൂർണ്ണമായി നൽകുന്ന രീതിയിൽ പരിഗണിക്കേണ്ടതാണ്. അതായത് ക്ഷീര കർഷകർക്ക് പലിശ രഹിത വായ്പ ലഭിക്കുന്ന രീതിയിൽ പദ്ധതി നടപ്പാക്കണം

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.15 ഇൻഷ്വറൻസ് പരിരക്ഷയുള്ള കന്നുകാലികൾ നശിച്ചുപോയിട്ടുണ്ടെങ്കിൽ ഇവയുടെ ഇൻഷ്വറൻസ് തുക വാങ്ങി നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങളും വെറ്ററിനറി ഡോക്ടർമാരും പ്രത്യേകം ഇടപെടൽ നടത്തേണ്ടതാണ്.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.16 കൈമാറ്റം ചെയ്യപ്പെട്ടതും അല്ലാത്തവരുമായ എല്ലാ ഉദ്യോഗസ്ഥരുടേയും യോഗം തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാർ വിളിച്ച് ചേർത്ത് വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ, മറ്റു പുനർ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ വിലയിരുത്തണം. ആവശ്യമായ ഇടപെടൽ നടത്തണം.

നടപടി:-1) തദ്ദേശശസ്വയംഭരണ (ഡി.ബി) വകുപ്പ്

3.17 കുമളി ഗ്രാമപഞ്ചായത്തിലെ മാലിന്യ പ്ലാന്റിലെ മാലിന്യങ്ങൾ സ്വകാര്യ വ്യക്തികളുടെ സ്ഥലത്തേയ്ക്ക് വ്യാപിച്ചത് സംബന്ധിച്ച് അടിയന്തിര നടപടി തദ്ദേശഭരണ സ്ഥാപനം സ്വീകരിക്കണം. ആവശ്യമായ ഇടപെടൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ നടത്തണം.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

3.18 പ്രളയം വ്യാപക നാശം വിതച്ച തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എടുക്കാൻ കാലതാമസം നേരിടുന്നു. ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാത്രം ആവശ്യമെങ്കിൽ 30 ദിവസത്തേയ്ക്ക് ഇതിൽ പ്രാവീണ്യമുള്ളവരെ ദിവസ വേതാനാടിസ്ഥാനത്തിൽ/കരാർ വ്യവസ്ഥയിൽ എടുക്കാൻ അനുമതി നൽകുന്നു. ഇതിനുവേണ്ട തുക പദ്ധതി ആസൂത്രണ ചെലവിനായി മാറ്റി വച്ചിരിക്കുന്ന വിഹിതത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്. ഇതോടൊപ്പം റിട്ടയർ ചെയ്ത എഞ്ചിനീയർമാർ, എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകർ, ലഭ്യമായ മറ്റു വിദഗ്ദ്ധർ എന്നിവരുടെ സന്നദ്ധ സേവനം